**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **08-08-2023 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അക്ഷയ കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (എ) | 30/07/2021 ലെ സ.ഉ.(കൈ)നം.24/2021/വി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചുകൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ ലൊക്കേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തിരഞ്ഞെടുക്കുന്നതിനായി അതത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു /പ്രീഡിഗ്രി പാസ്സായവരും 18 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ